ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/Spc(1)/19924/2015/BPL(HSE)/2015** തീയതി : **04.02.2016**

# <u>സർക്കുലർ</u>

**വിഷയം**:- മെറിറ്റ് കം മീൻസ് (ബി.പി.എൽ) സ്കോളർഷിപ്പ് ഓൺ ലൈൻ എൻട്രികളിൽ തിരുത്തൽ വരുത്തുന്നത്- സംബന്ധിച്ച്.

മെറിറ്റ് കം മീൻസ് (ബി.പി.എൽ) സ്കോളർഷിപ്പ് ഈ വർഷം മുതൽ ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സംവിധാനം വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ നേരിട്ട് നൽകപ്പെടുമെന്നും ആയതിന് അതത് സ്കൂൾ പ്രിൻസിപ്പൽമാർ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഓൺലൈൻ ലിങ്ക് നൽകപ്പെടുന്ന സമയം ആയത് അപ്ലോഡ് ചെയ്യണമെന്നും 2015 ഡിസംബറിൽത്തന്നെ സർക്കുലർ നൽകിയിരുന്നതാണ്. എന്നിരുന്നാലും ഒട്ടനവധി സ്ക്കൂളുകളിൽ ആയത് യഥാവിധം പൂർത്തിയായിട്ടില്ലെന്നറിയുന്നു. മാത്രവുമല്ല, ഡാറ്റാഎൻട്രിയിൽ ഗുരുതരമായ പിഴവുകൾ വരുത്തുന്നതായും അറിയുന്നു. അർഹതപ്പെട്ട ബി.പി.എൽ വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടുന്ന സ്കോളർഷിപ്പ് ലഭ്യമാക്കി കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ പിഴവായി കണക്കാക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബി.പി.എൽ സ്കോളർഷിപ്പ്, ഡാറ്റാഎൻട്രി നടത്തുന്ന തീയതി **10.02.2015** വരെ നീട്ടി നൽകുന്നു.

ഇതുവരെ ഡാറ്റാഎൻട്രി നടത്തിയതിൽ പിഴവുകളുള്ള സ്ക്കൂളുകളിൽ നിന്നുള്ള പ്രിൻസിപ്പൽമാർ ആയത് തിരുത്തുന്നതിനായി ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

- ഏതെങ്കിലും വിദ്യാർത്ഥികളുടെ അപേക്ഷ Reset (Edit) ചെയ്യുകയോ ഏതെങ്കിലും വിദ്യാർത്ഥിയുടെ മാത്രം അപേക്ഷ ഡിലീറ്റ് ചെയ്ത് മറ്റൊരാളുടെ ഡാറ്റ അപ്ലോഡ് ചെയ്യുകയോ വേണ്ടതാണെങ്കിൽ ആ വിവരം പൂർണ്ണ ഡാറ്റ സഹിതം (Reset/Delete ചെയ്യേണ്ട വിദ്യാർത്ഥിയുടെ പേരും സിംഗിൾ വിൻഡോ രജിസ്റ്റർ നമ്പരും മാത്രം school code സഹിതം) dhsescholarships@gmail.com എന്ന e-mail ലേക്ക് 10.02.2016 ന് ഉച്ചക്ക്

**2 മണിക്ക്** മുമ്പായി നൽകേണ്ടതാണ്. റിസെറ്റ് ചെയ്യുമ്പോൾ മുൻപ് ഡാറ്റ നൽകിയ വിദ്യാർത്ഥിയുടെ വിവരങ്ങൾ തിരുത്തുന്നതിനായി link open ആവുകയും ആ വി വരം അപേക്ഷിച്ച e-mailൽ അറിയിക്കുന്നതുമാണ്. ഒരു വിദ്യാർത്ഥിക്കു പകരം മറ്റൊരാളുടെ പേര് തിരുത്തി നൽകുന്നതിനായി ഡിലീറ്റ് നൽകുന്നതിനാണ് അപേക്ഷ നൽകേണ്ടത്.

- **മേൽപ്പറഞ്ഞ അഡ്രസിലല്ലാതെ അയയ്ക്കപ്പെടുന്ന e-mail കൾ ഒന്നും തന്നെ Reset/Delete ന് പരിഗണിക്കുന്നതല്ല.**

ബി.പി.എൽ. സ്കോളർഷിപ്പുകൾ ഇരട്ട സംഖ്യ ആയാണ് സ്കൂളുകൾക്ക് അനുവദിക്കുന്നത്. ഇതിൽ പകുതി 12-ാം ക്ലാസ്സ് Renewal ഉം ബാക്കി പകുതി 11-ാം ക്ലാസ്സിനും fresh ആയും നൽകേണ്ടതാണ്. എന്നാൽ ചില സ്കൂളുകളിൽ ആയതു ക്രമം തെറ്റിയാണ് നൽകിയിട്ടുള്ളത്. (ഉദാ. മൊത്തം 8 അനുവദിച്ചെങ്കിൽ 4+4 എന്നതിനു പകരം 5 എണ്ണം fresh ആയും 3-എണ്ണം Renewal ആയും) ഇത്തരം സ്കൂളുകളുടെ ഡാറ്റ ഓൺലൈനായി നൽകുന്നതിന് സാധിക്കുകയില്ല. ആയതുകൊണ്ട് ഇപ്രകാരം തെറ്റി സ്കോളർഷിപ്പ് നൽകികൊണ്ടിരിക്കുന്ന സ്കൂളുകളിൽ നിന്നുള്ള ഡാറ്റ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് IFSC code, ബാങ്ക് ബ്രാഞ്ച്, ആധാർ നമ്പർ എന്നിവ ഉൾപ്പെടുത്തി **12/2/2016** നു വൈകിട്ട് 5 മണിക്ക് മുമ്പായി ഡയറക്ടർ, ഹയർസെക്കന്ററി ഡയറക്ടറേറ്റ്, ഹൗസിങ്ങ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ, Hard copy ലഭ്യമാക്കേണ്ടതാണ്.

മറ്റു വിവരങ്ങൾക്കായി **0471-2323198** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**